(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി.യിൽ അംഗീകരിക്കപ്പെട്ട മാനദണ്ഡം അനുസരിച്ചാണ് ഓരോ ഡിപ്പോയിലേക്കും മെക്കാനിക്കൽ വിഭാഗം ജീവനക്കാരെ നിയമിച്ചിട്ടുള്ളത്.

(സി) അംഗീകരിക്കപ്പെട്ട മാനദണ്ഡമനുസരിച്ചാണ് ഓരോ ഡിപ്പോയിലും ജീവനക്കാരെ നിയമിച്ചിട്ടുള്ളത്.

കെ.എസ്.ആർ.ടി.സി. ബസുകളിലെ വനിതാ റിസർവേഷൻ

99 (1154) ശ്രീ. എം. കെ. മുനീർ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കെ.എസ്.ആർ.ടി.സി. ബസുകളിലെ വനിതാ റിസർവേഷൻ സംബന്ധിച്ച് സർക്കുലർ അവ്യക്തമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർവീസ് തുടങ്ങുന്ന സ്റ്റേഷനിൽ നിന്നും കയറുന്ന വനിതകൾക്ക് മാത്രം 25 ശതമാനം സീറ്റുകൾ നൽകിയാൽ മതിയെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടോ ;

(സി) ഇടയ്ക്ക് വച്ച് കയറുന്ന വനിതകൾക്ക് റിസർവേഷന് അർഹത ഉണ്ടോ ;

(ഡി) 25 ശതമാനം സീറ്റുകൾ യാത്രയുടെ ഇടയിൽ കയറുന്ന വനിതകൾക്ക് ഒഴിഞ്ഞ് കൊടുക്കുവാൻ കണ്ടക്ടർ അഭ്യർത്ഥിക്കുന്നതിന് പകരം നിർബന്ധിതമായി ഒഴിപ്പിച്ച് നൽകണമെന്ന രീതിയിൽ സർക്കുലറിൽ മാറ്റം വരുത്തുമോ ;

(ഇ) സർക്കുലറിലെ 'അഭ്യർത്ഥിക്കണം' എന്ന ഭാഗംകൊണ്ട് എന്താണ് അർത്ഥമാകുന്നത് ;

(എഫ്) പുരുഷയാത്രക്കാർ എഴുന്നേറ്റ് മാറിയില്ലെങ്കിൽ കണ്ടക്ടർക്ക് എന്ത് നടപടി സ്വീകരിക്കുവാൻ കഴിയും എന്ന് അറിയിക്കുമോ ;

(ജി) ഇത് സംബന്ധിച്ച് യാത്രക്കാർ തമ്മിലും കണ്ടക്ടർമാരുമായും പ്രശ്നങ്ങൾ ഉണ്ടാകുന്ന കാര്യം അന്വേഷിച്ചിട്ടുണ്ടോ ;

(എച്ച്) ഹ്രസ്വദൂര ബസുകൾ എത്ര കിലോമീറ്റർ വരെ ദൂരപരിധിയുള്ളതാണ് ;

(ഐ) സർക്കുലറിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത സർക്കുലറിൽ അവ്യക്തതയില്ല.

(ബി) പ്രസ്തുത സർക്കുലറിൽ 2-ാമത്തെ ഖണ്ഡികയിൽ സിറ്റി ഓർഡിനറി, ഹ്രസ്വദൂര ഫാസ്റ്റ് എന്നീ സർവ്വീസുകളിൽ സ്ത്രീകൾക്ക് എല്ലാ അവസരത്തിലും 25 ശതമാനം സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3 (എ)-ാം ഖണ്ഡിക പ്രകാരം റിസർവേഷൻ ഇല്ലാത്ത ദീർഘദൂര ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ്, സൂപ്പർ ഡീലക്സ് എന്നീ സർവ്വീസുകളിൽ 25 ശതമാനം സീറ്റ് മുൻഗണനാക്രമത്തിൽ സ്ത്രീകൾക്ക് സംവരണം ചെയ്തിട്ടുണ്ട്. ഇത്തരം സർവ്വീസുകളിൽ സംവരണം ചെയ്തിട്ടുള്ള 25 ശതമാനം സീറ്റുകൾ സർവീസ് തുടങ്ങുന്ന സ്ഥലത്ത് സ്ത്രീകൾ ഉണ്ടെങ്കിൽ അവർക്ക് മാത്രമായി നൽകുന്നതാണ്.

(സി) കണ്ടക്ടറുടെ സീറ്റിന് സമാന്തരമായി വലതുവശത്ത് മൂന്ന് പേർക്കിരിക്കാവുന്ന സീറ്റ് ഏതവസരത്തിലും എല്ലാത്തരം സർവീസുകളിലും സ്ത്രീകൾക്ക് ലഭിക്കുവാൻ അർഹതയുണ്ട്.

(ഡി) നിവൃത്തിയില്ല.

(ഇ) അഭ്യർത്ഥിക്കണം എന്ന് തന്നെയാണ് അർത്ഥമാക്കുന്നത്.

(എഫ്) നിയമ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ജി) ഉണ്ട്.

(എച്ച്) 70 കിലോമീറ്റർ ദൂരം വരെ ഓടുന്ന ഫാസ്റ്റുകളെയാണ് ഹ്രസ്വദൂര സർവ്വീസുകൾ എന്ന് ഉദ്ദേശിക്കുന്നത്.

(ഐ) അപാകതകൾ ഉള്ളതായി തോന്നിയിട്ടില്ല.

കെ.എസ്.ആർ.ടി.സി. ചെക്കിംഗ് ഇൻസ്പെക്ടർമാർ

100 (1155) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കെ.എസ്.ആർ.ടി.സി.യിൽ മൊത്തം എത്ര ഷെഡ്യൂളുകൾ പ്രതിദിനം ഓപ്പറേറ്റ് ചെയ്യുന്നുണ്ട് ;

(ബി) പ്രതിദിനം എത്ര കി.മീറ്റർ സർവ്വീസ് കെ.എസ്.ആർ.ടി.സി. നടത്തുന്നുണ്ട് ;

(സി) എത്ര കീ.മീറ്റർ സർവ്വീസാണ് ഒരു ചെക്കിംഗ് ഇൻസ്പെക്ടറെ നിയമിക്കുന്നത് ;

(ഡി) ഇപ്പോൾ എത്ര ചെക്കിംഗ് ഇൻസ്പെക്ടേഴ്സ് നിലവിലുണ്ട് ;

(ഇ) ഇൻസ്പെക്ടേഴ്സിന്റെ കുറവുമൂലം കളക്ഷൻ ചാർജ്ജിൽ പ്രതിദിനം എന്തു കുറവുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(എഫ്) ഇതു പരിഹരിക്കുന്നതിനാവശ്യമായ ഇൻസ്പെക്ടേഴ്സിനെ നിയമിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യിൽ ആകെ നടത്തുവാനായി നിശ്ചയിക്കപ്പെട്ടിരിക്കുന്നത് 3940 ഷെഡ്യൂളുകളാണ്. ഇതിൽ പ്രതിദിനം ശരാശരി 3054 ബസുകൾ സർവ്വീസ് നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly